# PENTECOSTAL INTER-CHURCH COUNCIL OF INDIA (PICC)

(Reg. No. P-202/04)

**കോവിഡ് - 19 പശ്ചാത്തലത്തിൽ കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശം അനുസരിച്ച് പെന്തെക്കോസ്തു സഭകൾ ആരാധന നടത്തുന്നതിന് സഭാ നേതാക്കന്മാർ അംഗീകരിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ**

കേരളത്തിലെ വിവിധ പെന്തെക്കോസ്ത് സഭാ ഭാരവാഹികൾ 8/6/2020 തിങ്കളാഴ്ച രാവിലെ 10 മണിക്ക് കുമ്പനാട് ഐ.പി.സി. ജനറൽ കൗൺസിൽ ഹാളിൽ കൂടി താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. ഇപ്പോഴത്തെ സാഹചര്യത്തിൽ ജൂൺ 30 വരെ നമ്മുടെ സഭകൾ ആരാധന നടത്താതെ ഇരിക്കുന്നതാണ് ഏറ്റവും നല്ലത് എന്നും, ഏതെങ്കിലും സഭകൾക്ക് ആരാധന നടത്തണം എന്ന് താല്പര്യമുള്ള പക്ഷം നിലവിലെ പ്രാദേശിക സാഹചര്യങ്ങൾ പരിഗണിച്ച് താഴെപ്പറയുന്ന നിബന്ധനകൾ പാലിച്ച് നടത്തേണ്ടതാണ് എന്നും തീരുമാനിച്ചു.

2. കേന്ദ്ര/സംസ്ഥാന ഗവണ്മെന്റുകൾ നിശ്ചയിച്ചിരിക്കുന്ന സാമൂഹിക അകലം (6 അടി, 100 ചതുരശ്ര മീറ്റർ സ്ഥലത്ത് 15 പേർ എന്ന അനുപാതം) നിർബന്ധമായും പാലിക്കേണ്ടതാണ്.

3. ആരാധനയിൽ പങ്കെടുക്കുന്ന ആളുകളുടെ പേരും ടെലിഫോൺ നമ്പരും പ്രത്യേക ബുക്കിൽ സഭാ കമ്മിറ്റിക്കാർ എഴുതി സൂക്ഷിക്കേണ്ടതാണ്.

4. ആരാധനയിൽ സംബന്ധിക്കുന്ന എല്ലാവരും സുരക്ഷിതമായ മാസ്ക് ധരിക്കേണ്ടതാണ്.

5. ആരാധനാലയത്തിൽ പ്രവേശിക്കുന്നതിന് മുൻപ് പുറത്ത് സൂക്ഷിച്ചിരിക്കുന്ന വെള്ളം, സോപ്പ്, സാനിറ്റൈസർ എന്നിവ ഉപയോഗിച്ച് കൈകാലുകൾ ശുദ്ധമാക്കേണ്ടതാണ്.

6. സഭാ ആരാധന സാധാരണ സമയത്തേക്കാളും കുറഞ്ഞ സമയം കൊണ്ട് പൂർത്തിയാക്കേണ്ടതാണ്.

7. അംഗസംഖ്യ കൂടുതൽ ഉള്ള സഭകളിൽ ആവശ്യമെങ്കിൽ മാർഗ്ഗനിർദ്ദേശം പാലിച്ച് ഒന്നിലധികം പ്രാവശ്യം ആരാധന നടത്താവുന്നതാണ്.

8. ഓരോ ആരാധനാ മീറ്റിംഗും കഴിയുമ്പോൾ ആരാധനാലയവും ഇരിപ്പിടങ്ങളും അണുവിമുക്തമാക്കേണ്ടതാണ് (വെള്ളത്തിൽ സോപ്പ് ലായനി, ഡെറ്റോൾ എന്നിവ ഒഴിച്ച് തുണി മുക്കി കസേര തുടച്ച് വൃത്തിയാക്കുക. വൃത്തിയാക്കുന്ന ആൾ കയ്യുറ ധരിക്കേണ്ടതാണ്. കൂടാതെ ആരാധനാലയത്തിൽ റൂംസ്പ്രേ ഉപയോഗിക്കാവുന്നതാണ്.).

9. ഹസ്തദാനം, സ്നേഹ ചുംബനം, ഭക്ഷണ വിതരണം എന്നിവ ചെയ്യുവാൻ പാടില്ലാത്തതാണ്.

10. വീടുകളിൽ ആരാധന നടത്തുന്നവർ സമീപവാസികളുടെ മനോഭാവം പരിഗണിച്ച് ആരാധന നടത്തുന്നതിന് തടസ്സമില്ലെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടത്താവുന്നതാണ്.

11. കഴിയുന്നിടത്തോളം ആരാധനയ്ക്ക് സൗണ്ട് സിസ്റ്റം ഉപയോഗിക്കാതിരിക്കുക. ഉപയോഗിക്കേണ്ടി വന്നാൽ ശബ്ദം കുറച്ച് ഉപയോഗിക്കുകയും ഒരാൾ ഉപയോഗിക്കുന്ന മൈക്ക് മറ്റൊരാൾ ഉപയോഗിക്കാതിരിക്കുകയും ചെയ്യണം.

12. സഭാ ആരാധനയിൽ ഗായകസംഘം പാട്ടുപാടരുത്.

13. പത്തുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെയും 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരെയും ഗവണ്മെന്റ് തീരുമാനപ്രകാരം ഇപ്പോഴത്തെ സാഹചര്യത്തിൽ ആരാധനയിൽ പങ്കെടുപ്പിക്കുവാൻ പാടില്ല.

14. മറ്റ് ഗൗരവതരമായ രോഗങ്ങൾ ഉള്ളവരെയും ഗർഭിണികളെയും ദേശത്ത് സാധാരണ നില വരുന്നതു വരെ ആരാധനയിൽ പങ്കെടുപ്പിക്കുവാൻ പാടില്ല.

15. പ്രത്യേക നിയന്ത്രണങ്ങൾ (ഹോട്ട് സ്പോട്ട്) ഉള്ള സ്ഥലങ്ങളിൽ ആരാധന നടത്തുവാൻ പാടില്ല.

16. വിദേശരാജ്യങ്ങളിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തി ഹോം ക്വോറന്റൈനിൽ ആളുകൾ താമസിക്കുന്ന വീടുകളിൽ നിന്നുള്ള ആരും ക്വോറന്റൈൻ കാലാവധി തീരുന്നതു വരെ ആരാധനയ്ക്ക് പങ്കെടുക്കാൻ പാടില്ല.

17. കഴിയുമെങ്കിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ ആരാധനയ്ക്ക് പങ്കെടുക്കുന്ന എല്ലാവർക്കും വേണ്ടി കസേര കരുതുക. കഴിയുന്നില്ലെങ്കിൽ അവരവർക്ക് ഇരിക്കുവാൻ ടവ്വലോ, ബെഡ് ഷീറ്റോ കൊണ്ടു വരേണ്ടതാണ്.

18. ഇപ്പോഴത്തെ സാഹചര്യത്തിൽ വീടുകളിൽ പകലും രാത്രിയിലും മീറ്റിംഗുകൾ ഒഴിവാക്കുന്നതാണ് നല്ലത്.

19. 65 വയസ്സിൽ കൂടുതൽ പ്രായമുള്ള സഭാശുശ്രൂഷകന്മാർക്ക് യോഗത്തിൽ പങ്കെടുക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ അതതു സഭകളിൽ അംഗങ്ങളായ ശുശ്രൂഷകന്മാരെയോ, സെന്ററിൽ സഭാചാർജ്ജില്ലാത്ത ശുശ്രൂഷകന്മാരെയോ താല്ക്കാലികമായി ആരാധന നടത്തുവാൻ അതതു സഭയുടെ ഭരണാധികാരികളുടെ/സെന്റർ ശുശ്രൂഷകന്റെ അനുവാദത്തോടെ ചുമതലപ്പെടുത്താവുന്നതാണ്.

20. ആരാധനാലയത്തിൽ ഞായറാഴ്ച അല്ലാത്ത ദിവസങ്ങളിൽ ആവശ്യമെങ്കിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൂട്ടായ്മകൾ, ഉപവാസ പ്രാർത്ഥന എന്നിവ (പകൽ മാത്രം) നടത്താവുന്നതാണ്.

21. സൺഡേ സ്കൂളുകൾ ഉടനെ ആരംഭിക്കാതിരിക്കുന്നതാണ് നല്ലത്. സൗകര്യം എങ്കിൽ ഓൺലൈൻ വഴി എല്ലാകുട്ടികളെയും ഉൾപ്പെടുത്തി സൺഡേ സ്കൂൾ നടത്താവുന്നതാണ്.

22. യുവജന വിഭാഗത്തിനും 10 വയസ്സിൽ താഴെയുള്ള കുട്ടികളെ ഒഴിവാക്കി മറ്റ് നിബന്ധനകൾ പാലിച്ച് ആരാധനാലയങ്ങളിൽ മീറ്റിംഗ് നടത്താവുന്നതാണ് (ഓൺലൈനിൽ നടത്തുന്നതാണ് അനുയോജ്യം).

23. സഹോദരീ സമാജത്തിനും നിബന്ധനകൾ പാലിച്ച് ആരാധനാലയത്തിൽ മീറ്റിംഗ് നടത്താവുന്നതാണ് (ഓൺലൈനിൽ നടത്തുന്നതാണ് അനുയോജ്യം).

24. സ്നാനം, കർത്തൃമേശ തുടങ്ങിയ ശുശ്രൂഷകൾ രോഗവ്യാപനത്തിന്റെ സാഹചര്യത്തിൽ ചില ആഴ്ചകൾ കൂടെ കഴിഞ്ഞ് നടത്തുന്നതാണ് ഉചിതം. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

**25. മേൽ പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് സഭാശുശ്രൂഷകന്മാരും സഭാ കമ്മിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്. പഞ്ചായത്ത് വാർഡ്തല കമ്മിറ്റിക്കാരും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും പോലീസ് ഉദ്യോഗസ്ഥരും പരിശോധന നടത്തുവാൻ സാദ്ധ്യത ഉണ്ട്.**

**26. പ്രാദേശിക സഭ ഏതെങ്കിലും നിയലംഘനം നടത്തിയാൽ അതിന് ഉത്തരവാദി ആ സഭയുടെ പാസ്റ്ററും കമ്മിറ്റി അംഗങ്ങളും മാത്രം ആയിരിക്കും.**

27. മേൽപറഞ്ഞ സംയുക്ത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അതതു സഭാ സംഘടനകൾക്ക് ഉചിതമായ നിർദ്ദേശങ്ങൾ അവരുടെ പ്രാദേശിക സഭകൾക്ക് നൽകാവുന്നതാണ്.

**(കേരളത്തിലെ വിവിധ പെന്തെക്കോസ്ത് സഭാ ഭാരവാഹികൾ അംഗീകരിച്ചത്)**